## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ: **T 2908**

13.07.15-ൽ മറുപടിക്ക്

### റിവർ അതോറിറ്റിയുടെ രൂപീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
| (എ) സംസ്ഥാനത്ത് പല നദികളും തോടുകളും കുളങ്ങളും നാശോന്മുഖമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) നദികളെയും തോടുകളെയും കുളങ്ങളെയും സംരക്ഷിക്കുന്നതിന് റിവർ അതോറിറ്റി നിലവിലുണ്ടോ ;<br>(സി) ഇല്ലെങ്കിൽ ഇപ്രകാരം ഒരു അതോറിറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) & (സി) | നദികളുടെയും കായലുകളുടെയും സംരക്ഷണം ലക്ഷ്യമിട്ട് 'കേരള ഇറിഗേഷൻ ആൻറ് വാട്ടർ കൺസർവേഷൻ ആക്ട് - 2003' ഭേദഗതി വരുത്തി ' സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് 27.04.2011-ന് പുറപ്പെടുവിക്കുകയുണ്ടായി. കേരളത്തിലെ തണ്ണീർ തടങ്ങളുടെ പരിപാലനത്തിനായി പരിസ്ഥിതിയുടെ ചുമതലയുള്ള മന്ത്രി അദ്ധ്യക്ഷനായി 25.05.2015 – ലെ സർക്കാർ ഉത്തരവ് നം.08/2015/Envt പ്രകാരം കേരള തണ്ണീർതട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) നദികളും തോടുകളും കുളങ്ങളും ഉപയോഗിക്കുന്ന സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇവയുടെ സംരക്ഷണത്തിന് എന്തെങ്കിലും തുക ഈടാക്കുന്നുണ്ടോ ;<br>(ഇ) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ? | (ഡി) & (ഇ) | കേരള ഇറിഗേഷൻ ആൻറ് വാട്ടർ കൺസർവേഷൻ ആക്ട് 2003- പ്രകാരം നദികളിൽ നിന്നും കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി വെള്ളം എടുക്കുന്നതിന് ഒരു ഫീസും ഈടാക്കുന്നില്ല. എന്നാൽ 5HP യും അതിനുമുകളിലുള്ള പമ്പ് ഉപയോഗിച്ച കൃഷിയേതര ആവശ്യങ്ങൾക്ക് സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ നദിയിൽ നിന്നും വെള്ളം എടുക്കുന്നതിന് സർക്കാർ നിശ്ചയിച്ച തുക ഈടാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ